# തെങ്ങുകയറ്റം: പരിശീലനം



കണ്ണൂർ ● മലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയും നാളികേര വികസന ബോർഡും ചേർന്നു നടപ്പാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയിൽ പുതിയ ബാച്ചിന്റെ തെങ്ങുകയറ്റ പരിശീലനം ശ്രീപുരം മാസ് ട്രെയിനിങ് സെന്ററിൽ ആരംഭിച്ചു. കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിയിൽ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് ഡവലപ്മെന്റ് ഓഫിസർ ടൈനി സൂസൺ ജോൺ അധ്യക്ഷനായി. മാസ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, നാളികേര വികസന ബോർഡ് മാസ്റ്റർ ട്രെയിനർ പി.എം. ബാബു, മാസ് പ്രോജക്ട് ഓഫിസർ ജസ്റ്റിൻ ലൂക്കോസ് എന്നിവർ പ്രസംഗിച്ചു.